N * LATE NEWS

FOUNDER EDITOR: SRI. K. SUKUMARAN B.A.

# കേരളകൗമുദി

തിരുവനന്തപുരം 1994 ഫെബ്രുവരി 11 വെള്ളി

## സമരഗേറ്റ് മദാമ്മ നൃത്തവേദിയാക്കി



അമേരിക്കയിലെ 'ടാപ് ഡാൻസി'ൻെറ പ്രചാരകയായ ജയിൻ കോൾബർഗ് സെക്രട്ടേറിയറ്റിൻെറ സമരഗേറ്റിൽ നൃത്തംവച്ചപ്പോൾ.

തിരുവനന്തപുരം : സ്വർണ്ണത്തലമുടിയും നീലക്കണ്ണുകളുമുള്ള മദാമ്മ സെക്രട്ടേറിയറ്റിനുമുന്നിൽ നൃത്തം ചവിട്ടി.

വൈകിട്ട് അഞ്ചുമണിക്ക് അരങ്ങേറിയ മദാമ്മയുടെ ചടുല നൃത്തം ആസ്വദിക്കാൻ കാണികൾ ഏറെയുണ്ടായിരുന്നു. അമേരിക്കക്കാരിയായ ജെയ്ൻ കോൾ ബർഗ്ഗയുടെ ഉദ്ദേശ്യവും അതുതന്നെയായിരുന്നു. അമേരിക്കൻ ഐക്യനാടുകളിലെ പ്രാകൃത നൃത്തരൂപമായ 'ടാപ്പ് ഡാൻസി'ൻെറ പ്രചരണാർത്ഥമാണ് ജെയ്ൻ കോൾ ബർഗ്ഗ നാടായ നാടൊക്കെ ചുറ്റിക്കറങ്ങുന്നത്.

ന്യൂയോർക്ക് സർവകലാശാലയിൽ ഡാൻസ് വിഭാഗത്തിൽ അസോസിയേറ്റ് പ്രൊഫസറാണ് ജെയ്ൻ കോൾ ബർഗ്ഗ. അമേരിക്കയിലെ അടിമവംശത്തിൻെറ തനതു കലയാണ് ടാപ്പ് ഡാൻസ്. കാലാന്തരത്തിൽ ഈ നൃത്തരൂപം തെരുവിലെ രാഷ്ട്രീയ പ്രചരണത്തിന് ഉപാധിയായി. ഇപ്പോൾ അമേരിക്കയിൽ ടാപ്പ് ഡാൻസിൻെറ പ്രചരണത്തിനായി ഒരു പ്രസ്ഥാനം തന്നെ ഉടലെടുത്തിട്ടുണ്ട്. ടാപ്പ് ഡാൻസിനെക്കുറിച്ച് ഗവേഷണം നടത്തുന്ന ജെയ്ൻ കോൾ ബർഗ്ഗ ഇതിൻെറ ഒരു മുഖ്യ പ്രചാരകയാണ്.

കാലുകളുടെ ചലനത്തിനാണ് ഈ നൃത്തരൂപത്തിൽ പ്രാമുഖ്യം. മറ്റ് അംഗചലനങ്ങൾക്കൊന്നും യാതൊരു പ്രസക്തിയുമില്ല. ചലനത്തിനൊപ്പിച്ച് കാലിൽ ഉറപ്പിച്ചിട്ടുള്ള കാന്തങ്ങൾ തമ്മിൽ ആടിയുണ്ടാകുന്ന താളമാണ് ഇതിൻെറ സ്വിശേഷത.

പാതയോരത്തൂടെ ധാരാളം സ്ത്രീകൾ നടന്നുപോകുന്നുണ്ടെങ്കിലും അവരിലാരും തൻെറ നൃത്തം കാണാൻ നിൽക്കാത്തതിൽ ജെയ്ൻ കോൾ ബർഗ്ഗ അദ്ഭുതംകൂറി.

സെക്രട്ടേറിയറ്റിനുമുമ്പിൽ സമരം ചെയ്യുന്ന മദ്യനിരോധന സമിതിക്കാരുടെ മുദ്രാവാക്യങ്ങളുടെ ഈണത്തിനൊപ്പിച്ച് നൃത്തം ചെയ്യാൻ ജെയ്ൻ കോൾ ബർഗ്ഗ ഉത്സാഹം കാണിച്ചു.